**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 386** **19-03-2025 - ൽ മറുപടിയ്ക്ക്**

**അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യകൃഷി മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യ കൃഷി മേഖലയിൽ സംരംഭകർക്ക് അവസരം ഒരുക്കിക്കൊണ്ട് വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്തുൽപ്പാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി അലങ്കാര മത്സ്യകൃഷി യൂണിറ്റ്, ബയോഫ്ലോക്ക്, മത്സ്യ സേവന കേന്ദ്രം, തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മത്സ്യകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് അക്വാകൾച്ചർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) അലങ്കാരമത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അലങ്കാര മത്സ്യ കർഷകരെയും, സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി കാവിൽ "ബയർ സെല്ലർ മീറ്റ്" 26.02.2021 മുതൽ എല്ലാ തിങ്കളാഴ്ചകളിലും സംഘടിപ്പിച്ച് വരുന്നു. ഇതിലൂടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന അലങ്കാര മത്സ്യങ്ങൾ വിറ്റഴിക്കുന്നതിനും കർഷകർക്ക് പുതിയ ഇനം മത്സ്യങ്ങളെ വാങ്ങുന്നതിനും സൗകര്യമുണ്ട്. മത്സ്യവിപണനത്തിൽ ഏർപ്പെടുന്നവർക്ക് ഈ മീറ്റിൽ നിന്നും വിവിധയിനം മത്സ്യങ്ങളും, അലങ്കാര സസ്യങ്ങളും, അക്വേറിയവും, മറ്റ് അക്വേറിയം സാമഗ്രികളും വാങ്ങി, ആവശ്യക്കാർക്ക് വിറ്റഴിക്കുന്നതിനും കഴിയുന്നു. ഈ മീറ്റ് നടത്തുക വഴി അലങ്കാര കർഷകർക്കും വിതരണക്കാർക്കും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നു. അലങ്കാര മത്സ്യകൃഷിയിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുന്ന കർഷകർക്ക് പ്രോത്സാഹനവും വിപണന സാധ്യത വർദ്ധിക്കുന്നതിനും ഇത് സഹായകമാണ്. കോളേജ് വിദ്യാർത്ഥികൾക്ക് പഠനഭാഗമായുള്ള ഇന്റേൺഷിപ്പ് ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. മാത്രവുമല്ല യുവതീ യുവാക്കളായ അഭ്യസ്തവിദ്യർക്ക് സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളിൽ പരിശീലനം നേടി സംരഭകരാകാനുള്ള അവസരവും സംസ്ഥാന സർക്കാർ വിജ്ഞാന വ്യാപന പരിപാടി പ്രകാരം ഒരുക്കിയിട്ടുണ്ട്. |
| (ബി) | കുറഞ്ഞ മുതൽമുടക്കിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്ന അലങ്കാര മത്സ്യകൃഷി വിപുലമായ തോതിൽ നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി പ്രകാരം 796 അലങ്കാര മത്സ്യ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കമ്പനിയായ 'കാവിൽ'-ൽ എല്ലാ ആഴ്ചകളിലും ബയർ സെല്ലർ മീറ്റുകൾ നടത്തുന്നു. അലങ്കാര മത്സ്യ കർഷകർക്ക് അവർ ഉൽപാദിപ്പിക്കുന്ന മത്സ്യങ്ങൾ വിറ്റഴിക്കുന്നതിന് ഇതിലൂടെ അവസരം ലഭിക്കുന്നു. കൂടാതെ അലങ്കാര മത്സ്യങ്ങളെ ഹോംസ്റ്റഡ് യൂണിറ്റുകളിൽ നിന്നും ശേഖരിച്ച് എല്ലാ ആഴ്ചകളിലും 'കാവിൽ' വഴി വിപണനം നടത്തുന്നു. 'കാവിൽ' അലങ്കാര മത്സ്യകർഷകർക്ക് സാങ്കേതിക സഹായം, പരിശീലനം എന്നിവ നൽകിവരുന്നു. ഇതിലൂടെ ഗുണനിലവാരം ഉറപ്പുവരുത്തി അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിന് കർഷകർ പ്രാപ്തരാകുന്നു. മത്സ്യരോഗനിർണയവും ജല ഗുണനിലവാര പരിശോധനകളും 'കാവിൽ' നടത്തുന്നുണ്ട്. |
| (സി) | അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനുകൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അലങ്കാരമത്സ്യ വിപണനത്തിന് സഹായകമായ അക്വാ ഷോകൾ എല്ലാ ജില്ലയിലും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കർഷകരുടെ നേതൃത്വത്തിൽ ചെറിയ തരത്തിൽ അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയതിന് ഒരു ഏകീകൃത സംവിധാനവും മികച്ച ഏകോപനവും ആവശ്യമാണ്. അലങ്കാര മത്സ്യ കൃഷി പ്രോത്സാഹനം, വിപണനം, ബോധവത്കരണം എന്നിവ ലക്ഷ്യം വച്ച് സാധ്യമായ എല്ലാ ജില്ലകളിലും ഫിഷറീസ് വകുപ്പും അതിനു കീഴിലെ ഏജൻസികളും അക്വേറിയം സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇവയെ കാലികമായി പരിഷ്കരിക്കുന്നതിന് 'കാവിൽ' മുഖേന നടപടി കൈകൊള്ളുന്നതാണ്. കൂടാതെ 'കാവിൽ' പ്രവർത്തിച്ച് വരുന്ന സ്ഥലത്ത് മേൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുമാറ് ഒരു ഹൈടെക് ഹാച്ചറി, പബ്ലിക്/ടണൽ അക്വേറിയം, അക്വാപാർക്ക്, മിനി ഓഡിറ്റോറിയം/കൺവെൻഷൻ സെന്റർ, സീഫുഡ് റസ്റ്റോറന്റ് & കഫറ്റേരിയ, മിനി ബിസിനസ്സ് ക്ലാസ്സ് ഹോട്ടൽ എന്നിവ ഉൾപ്പെടുത്തി സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് ഒരു പ്രൊപ്പോസൽ 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്'-ൽ സമർപ്പിക്കുകയുണ്ടായി. ഈ പ്രൊപ്പോസലിൽ വിവിധ സ്ഥാപനങ്ങൾ താത്പര്യം പ്രകടിപ്പിക്കുകയുണ്ടായി.<br><br>2022-23 ൽ 'കാവിൽ' ക്യാമ്പസിൽ ഒരു അക്വാഷോ സംഘടിപ്പിക്കുകയും വൻ ജനപങ്കാളിത്തം ഉണ്ടാവുകയും ചെയ്തു. എല്ലാ ജില്ലകളിലും അക്വാഷോ സംഘടിപ്പിക്കുന്നത് ഈ മേഖലയുടെ വളർച്ചയ്ക്കും, ജനങ്ങളിൽ അവബോധം വളർത്തുന്നതിനും സഹായകരമാകും എന്നതിനാൽ അക്കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്. |
| (ഡി) | വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള അക്വേറിയങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും വരുമാന ലഭ്യത ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന അക്വേറിയങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും വരുമാന ലഭ്യത ഉറപ്പാക്കുന്നതിനും വേണ്ടി "ശുദ്ധജല അക്വേറിയങ്ങളുടെ പ്രവർത്തനവും നടത്തിപ്പും" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല അക്വേറിയങ്ങളായ മലമ്പുഴ, കാരാപ്പുഴ എന്നിവയുടെ പ്രവർത്തനത്തിനും നടത്തിപ്പിനും ആയി 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മലമ്പുഴ അക്വേറിയത്തിൽ 2.34 ലക്ഷം സന്ദർശകരും 62.35 ലക്ഷം രൂപയുടെ വരുമാനവും കാരാപ്പുഴ അക്വേറിയത്തിൽ 15,941 സന്ദർശകരും 2.88 ലക്ഷം രൂപയുടെ വരുമാനവും ലഭിച്ചിട്ടുണ്ട്. തനത് വർഷം മലമ്പുഴ അക്വേറിയത്തിൽ 1.895 ലക്ഷം സന്ദർശകരും 50.469 ലക്ഷം രൂപയുടെ വരുമാനവും കാരാപ്പുഴ അക്വേറിയത്തിൽ 11012 സന്ദർശകരും 1.97 ലക്ഷം രൂപയുടെ വരുമാനവും ലഭിച്ചിട്ടുണ്ട്. 2023-24 വർഷം മലമ്പുഴ അക്വേറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരികയും ചെയ്യുന്നു . |

സെക്ഷൻ ഓഫീസർ